**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1577** **07-02-2023 - ൽ മറുപടിയ്ക്ക്**

**ഭവനനിർമ്മാണ ബോർഡിന്റെ ആസ്തിബാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭവനനിർമ്മാണ ബോർഡ് നിലവിൽ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഭവന നിർമ്മാണ ബോർഡ് നിലവിൽ സാങ്കേതികമായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ ഭവനനിർമ്മാണ ബോർഡിന് 181 ഏക്കർ ഭൂമിയും ഇതിൽ സ്ഥിതി ചെയ്യുന്ന ഏകദേശം 16,00,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങളും ആസ്തിയായുണ്ട്. പുതിയ പദ്ധതികൾ ഏറ്റെടുത്തുകൊണ്ടും പ്രവർത്തന മേഖല കൂടുതൽ വിപുലമാക്കിയും ഭവന നിർമ്മാണ ബോർഡ് ലാഭകരമാക്കുന്നതിനുള്ള പ്രവർത്തനം സജീവമായി നടന്നു വരികയാണ്. |
| (ബി) | ഭവനനിർമ്മാണ ബോർഡിന്റെ നിലവിലെ ആസ്തിബാധ്യതകൾ എന്തൊക്കെയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ? | (ബി) | <u>ഭവന നിർമ്മാണ ബോർഡിന്റെ ആസ്തി</u><br><br>ഭവന നിർമ്മാണ ബോർഡിന്റെ ആകെ ആസ്തി 181 ഏക്കർ ഭൂമിയും ഇതിൽ സ്ഥിതി ചെയ്യുന്ന ഏകദേശം 16,00,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുമാണ്.<br><br><u>ഭവന നിർമ്മാണ ബോർഡിന്റെ ബാദ്ധ്യതകൾ</u><br><br>ഭവന നിർമ്മാണ ബോർഡിന് നിലവിൽ സർക്കാരിനോ, മറ്റ ധനകാര്യ സ്ഥാപനങ്ങൾക്കോ യാതൊരു ബാധ്യതയും ഇല്ല. ഭവന നിർമ്മാണ ബോർഡിൽ നിന്നും പെൻഷനായ ജീവനക്കാർക്ക് പി.എഫ്, ഡി.സി.ആർ.ജി, കമ്മ്യൂട്ടേഷൻ, ടെർമിനൽ സറണ്ടർ എന്നീ ഇനങ്ങളിലായി 47.84 കോടി രൂപയുടെ ആനുകൂല്യങ്ങൾ നൽകാനുണ്ട്. |

സെക്ഷൻ ഓഫീസർ